മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: **9846720402**

പി.ആർ.ഒ/35/271/2016 <u>പത്രക്കുറിപ്പ്</u> 2016 **ഡിസംബർ 21**

അപേക്ഷാ തീയതി

നാലം വർഷ ബി.എസ്സി. എം.എൽ.ടി (2012 അഡ്മിഷൻ റഗുലർ/2008–2011 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ 2017 ജനുവരി 25ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജനുവരി 3 വരെയും 50 രൂപാ പിഴയോടെ 4 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 7 വരെയും സ്വീകരിക്കും. അപേക്ഷകർ ഒരു പേപ്പറിന് 20 രൂപ സി.വി ക്യാംപ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം.

അഫിലിയേറ്റഡ് കോളേജുകളിലെ പത്താം സെമസ്റ്റർ പഞ്ചവത്സര ബി.എ (ക്രിമിനോളജി) എൽ.എൽ.ബി(ഓണേഴ്സ്) ഡിഗ്രി (2015ന് മുൻപുള്ള അഡ്മിഷൻ) പരീക്ഷകൾ 2017 ജനുവരി 27ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ജനുവരി 3 വരെയും 50 രൂപാ പിഴയോടെ 4 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 6 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ ഒരു പേപ്പറിന് 20രൂപ വീതം (പരമാവധി 100 രൂപ) സി.വി ക്യമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം

പരീക്ഷാതീയതി

അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് അണ്ടർഗ്രാജ്വേറ്റ് (സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്/മേഴ്സി ചാൻസ് – 2013 മുൻപുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾ 2017 ജനുവരി 10 ന് ആരംഭിക്കും.

മൂന്നാം സെമസ്റ്റർ എം.എ, എം.എസ്സി, എം.കോം, എം.എം.എച്ച്, എം.സി.ജെ, എംഎസ്.ഡബ്ല്യൂ, എം.ടി.എ (സി.എസ്.എസ് 2015 അഡ്മിഷൻ–റഗുലർ/2012 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ 2017 ജനുവരി 4 ന് ആരംഭിക്കും.

പ്രാക്ടിക്കൽ പരീക്ഷ

തൃപ്പൂണിത്തുറ – ആർ.എൽ.വി കോളേജിലെ ബി.എ.മ്യൂസിക് വോക്കൽ(സി.ബി.സി.എസ്.എസ് റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) 5, 3, സെമസ്റ്ററുകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം 2017 ജനുവരി 3 മുതൽ 6 വരെയും, 16 മുതൽ 19 വരെയും കോളേജിൽ വച്ച് നടത്തും.

എറണാകുളം മഹാരാജാസ് കോളേജിലെ അഞ്ചാം സെമസ്റ്റർ ബി.എ.മ്യൂസിക് വോക്കൽ (സി.ബി.സി.എസ്.എസ് റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷകൾ 2017 ജനുവരി 9 മുതൽ 12 വരെ കോളേജിൽ വച്ച് നടത്തും.

പരീക്ഷാഫലം

2015 ഡിസംബർ, 2016 ജൂൺ മാസങ്ങളിൽ നടന്ന മൂന്ന്, നാല് സെമസ്റ്റർ എം.എസ്സി. ന്യൂ ആന്റ് റിന്യൂവബിൾ എനർജി സി.എസ്.എസ് (സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ 2017 ജനുവരി 3 വരെ സ്വീകരിക്കും.

2016 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന ബി.കോം ഓഫ് ക്യാമ്പസ് സപ്ലിമെന്ററി പാർട്ട്–3(ആമ്പൽ സ്കീം) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ 2017 ജനുവരി 4 വരെ സ്വീകരിക്കും.

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ സിറിയക്(പി.ജി.സി.എസ്.എസ്–റഗുലർ/ബെറ്റർമെന്റ്/സപ്ലിമെന്ററി, 2012 ന് മുൻപുള്ള നോൺ സി.എസ്.എസ് സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ 2017 ജനുവരി 4 വരെ സ്വീകരിക്കും.

2016 ഏപ്രിലിൽ നടത്തിയ ഒന്ന് മുതൽ നാല് വരെ സെമസ്റ്റർ എം.എസ്സി ഐ.ടി & സി.സി (ഓഫ് കാമ്പസ്–റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ 2017 ജനുവരി 4 വരെ സ്വീകരിക്കും.

ക്രിസ്മസ് അവധി

എം.ജി. സർവ്വകലാശാലാ പഠനവകുപ്പുകളും അഫിലിയേറ്റഡ് കോളേജുകളും ക്രിസ്മസ് അവധിക്കായി ഡിസംബർ 23 ന് വൈകുന്നേരം അടയ്ക്കുന്നതും 2017 ജനുവരി 3 ന് തുറക്കുന്നതുമാണ്.

ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം

കോളേജ് ഡവലപ്മെന്റ് കൗൺസിലിന്റെയും, സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസ്, യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇന്റർനാഷണൽ കോപ്പറേഷൻ എന്നിവയുടെയും സംയുക്താഭിമുഖ്യത്തിൽ യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്കായി ഇ–ലേണിംഗ് ആന്റ് ഇ–കണ്ടന്റ് ഡെവലപ്മെന്റിൽ രണ്ടാഴ്ചത്തെ ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം 2017, ജനുവരി 16 മുതൽ 31 വരെ നടത്തുന്നു. ഓൺലൈൻ എഡ്യൂക്കേഷൻ നടത്തുന്നതിനാവശ്യമായ വിവിധങ്ങളായ സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്ന വർക്ക്ഷോപ്പിൽ പഠിതാവിന്റെ വിഷയത്തിൽ ഇ–കണ്ടന്റ് രൂപീകരിക്കുന്നതിനാവശ്യമായ പരിശീലനവും നൽകുന്നു. താത്പര്യമുള്ളവർ ജനുവരി 3–നു മുൻപായി അപേക്ഷിക്കുക. കൂടുതൽ വിവരങ്ങൾക്ക് സർവ്വകലാശാല സൈറ്റ് സന്ദർശിക്കുക. ഫോൺ : 0481–2731013

എം.ജി ജൈവകൃഷി പഠനകേന്ദ്രം : ത്രിദിന അന്താരാഷ്ട്ര സെമിനാറും കാർഷിക പ്രദർശനവും.

മഹാത്മാഗാന്ധി സർവ്വകലാശാലാ അന്തർസർവ്വകലാശാലാ സുസ്ഥിര ജൈവ കാർഷിക പഠനകേന്ദ്രം ഡിസംബർ 29,30,31 തീയതികളിൽ അന്താരാഷ്ട്ര ജൈവ കൃഷി സമ്മേളനം സംഘടിപ്പിക്കുന്നു. നിരവധി വിദേശരാജ്യങ്ങളിലേതുൾപ്പെടെ ജൈവ കൃഷി വിദഗ്ദരും കൃഷി ശാസ്ത്രജ്ഞരും ഗവേഷകരും വിവിധ സെമിനാറുകളിൽ പങ്കെടുക്കും. കൃഷിയെ സമഗ്രമായും ജൈവകൃഷിയെ സവിശേഷമായും സമീപിക്കുന്ന വിവിധ വിഷയങ്ങൾ അവതരിപ്പിക്കുന്ന സെമിനാറുകളിൽ സംവാദങ്ങളും ചർച്ചകളും ഉണ്ടാവും.

ജൈവകൃഷി നേരിടുന്ന വെല്ലുവിളികളും നാടൻ വിത്തുകളുടെയും നാടൻ പശുക്കളുടെയും മണ്ണ്–ജലം സംരക്ഷണ സാധ്യതകളും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ, ഏകവിളകളെ പ്രതിരോധിക്കുന്ന ജൈവ വൈവിധ്യം തുടങ്ങിയവയിൽ പ്രഭാഷണങ്ങളും ചർച്ചകളും സംവാദങ്ങളും ഉണ്ടായിരിക്കും. കിഴങ്ങുവിളകളും ഔഷധ സസ്യങ്ങളും അടുക്കളയുടെ സ്വയം പര്യാപ്തതയും ജൈവ വിപണിയും കാലാവസ്ഥ വ്യതിയാനവും സെമിനാറിൽ ചർച്ച ചെയ്യപ്പെടും. ഉത്സാഹവും പ്രതിഭയുമുള്ള കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും, കാർഷിക രംഗത്തെ ഗവേഷണപഠനങ്ങളും ആധുനിക സങ്കേതങ്ങളും പരമാവധി ജനങ്ങളിലെത്തിക്കുന്നതിനുമുള്ള സർവ്വകലാശാലയുടെ പരിശ്രമങ്ങളുടെ ഭാഗമാണ് വൈവിദ്ധ്യമാർന്ന ഈ സെഷനുകൾ.

നാടൻ വിത്തുകളുടെയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെയും കാർഷിക ഉപകരണങ്ങളുടെയും കൃഷി–പരിസ്ഥിതി പുസ്തകങ്ങളുടെയും കാർഷിക പ്രസിദ്ധീകരണങ്ങളുടെയും പ്രദർശനങ്ങൾ, വില്പന സ്റ്റാളുകൾ തുടങ്ങിയവ ഉണ്ടായിരിക്കും.

പ്രദർശനത്തിലും സമ്മേളനത്തിലും പങ്കെടുക്കാൻ സർക്കാർ അനുമതി.

മഹാത്മാഗാന്ധി സർവ്വകലാശാലാ ജൈവ കാർഷിക കേന്ദ്രത്തിന്റെ കർഷകസംഗമത്തിലും പ്രദർശനത്തിലും പങ്കെടുക്കുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ സ്ഥാപനങ്ങളിലേയും അദ്ധ്യാപകരെയും വിദ്യർത്ഥികളെയും അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായി. പ്രദർശന സ്ഥലത്തുനിന്നും പുസ്തകങ്ങൾ, കാർഷിക ഉപകരണങ്ങൾ, തൈകൾ, നാടൻ വിത്തിനങ്ങൾ എന്നിവ വാങ്ങുന്നതിനും പ്രദർശന നഗരിയിൽ സ്റ്റാളുകൾ ക്രമീകരിക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ പങ്കെടുക്കാൻ ആവശ്യമായ പണം പി.ടി.എ ഫണ്ടിൽ നിന്നോ സ്ഥാപന ഫണ്ടിൽ നിന്നോ ഉപയോഗിക്കാവുന്നതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)